## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3420 — 21.12.2012- ൽ മറുപടിക്ക്

**<u>കേരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പാക്കേജ്</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ കേര കർഷകരെ സഹായിക്കുതിനായി പ്രത്യേക പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണയിലുണ്ടോയെന്ന് വിശദമാക്കുമോ; | എ നാളികേരമൂല്യ വർദ്ധനവിലൂടെ കേര മേഖലയ്ക്ക് പുതുജീവൻ നൽകുന്നതിനായി സംസ്ഥാന സർക്കാർ 2012-13 -ൽ മൂന്ന് കോക്കനട്ട് ബയോപാർക്കുകൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയാണ്. കൊപ്രായിലും വെളിച്ചെണ്ണയിലുമായി നാളികേര സംസ്ക്കരണം, കേന്ദ്രീകരിക്കാതെ ദേശീയപാനീയമായി പ്രഖ്യാപിച്ചു കഴിഞ്ഞ ഇളംനീരും മറ്റ് ഉല്പന്നവൈവിധ്യവല്ക്കരണവും മൂല്യവർദ്ധനവുമാണ് നാളികേര ബയോപാർക്കിലൂടെ പ്രാവർത്തികമാക്കുന്നത്. സംസ്ഥാനത്ത് ദക്ഷിണ കേരളത്തിൽ ജില്ലാ കൃഷിത്തോട്ടം-അഞ്ചൽ കൊല്ലം ജില്ലയിലും, മദ്ധ്യകേരളത്തിൽ ജില്ലാഫാം ചേലക്കര തൃശൂർ ജില്ലയിലും, ഉത്തരകേരളത്തിൽ ആറളംഫാം കണ്ണൂർ ജില്ലയിലുമായി മൂന്ന് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| ബി ഭക്ഷ്യഎണ്ണ കയറ്റുമതിയിൽ നിന്ന് വെളിച്ചെണ്ണയെ ഒഴിവാക്കിയ നടപടി പിൻവലിക്കാൻ എന്തെങ്കിലും മാർഗ്ഗങ്ങൾ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി & സി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്ന താങ്ങുവില |
| സി കൊപ്രയുടെ താങ്ങുവില ക്വിന്റലിന് 7000 രൂപയാക്കണമെന്ന കർഷകരുടെ | |

ആവശ്യം അഗീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ;

സംഭരണപദ്ധതി പ്രകാരം ഇരുപത്തിയഞ്ചോളം കാർഷിക വിളകൾക്ക് താങ്ങുവില നിശ്ചയിച്ച് സംഭരണം നടത്തിവരുന്നുണ്ട്. ഇതിൽ കൊപ്രായും നെല്ലുമാണ് കേരളത്തിൽ നിന്നുള്ള രണ്ട് കാർഷികോല്പന്നങ്ങൾ. വെളിച്ചെണ്ണയുടെ കയറ്റുമതിയിലുള്ള നിയന്ത്രണം എടുത്തുകളയണമെന്നും തെക്കെ ഇന്ത്യൻ പോർട്ടുകളിലൂടെയുള്ള ചുങ്കരഹിത ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി നിരോധിക്കണമെന്നും സബ്സിഡി നിരക്കിൽ വെളിച്ചെണ്ണ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യണമെന്നും യഥാർത്ഥ കേര കർഷകന് താങ്ങുവിലയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിലേക്കായി പച്ച തേങ്ങയ്ക്ക് താങ്ങുവില നിശ്ചയിച്ച് പച്ചതേങ്ങ സംഭരണം ശക്തിപ്പെടുത്തണമെന്നും കൊപ്രായുടെ താങ്ങുവില സംബന്ധിച്ച് സംസ്ഥാനം കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷന് സമർപ്പിച്ച കൊപ്രായുടെ പ്രൈസ് പോളിസി റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

കേര കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനായി നാളികേരത്തിന്റെ ഉല്പാദനച്ചെലവുമായി ബന്ധപ്പെടുത്തി താങ്ങുവില കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്ന് കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷന് സമർപ്പിച്ച റിപ്പോർട്ടിൽ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക വില നിർണ്ണയം കമ്മീഷന്റെ ശുപാർശ പ്രകാരം താങ്ങുവില നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

Snehamo

സെക്ഷൻ ഓഫീസർ